"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തികവർഷം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ട്രാൻസ്ജെൻഡർ ക്ഷേമവുമായി ബന്ധപ്പെട്ട ട്രാൻസ്ജെൻഡർ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്കും, സാകല്യം പദ്ധതിയ്ക്കും തുക ചെലവഴിക്കുന്നതിനു ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.108/2025/SJD തീയതി,തിരുവനന്തപുരം, 19-05-2025

---

പരാമർശം:-

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 03.04.2025-ലെ എസ്.ജെ.ഡി/1250/2005-സി3 നമ്പർ കത്ത്.
2. 22.04.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്.

**ഉത്തരവ്**

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും അവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 'മഴവിൽ' എന്ന സമഗ്രപദ്ധതിയ്ക്കായി 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-60-200-64-പ്ലാൻ ശീർഷകത്തിൽ 5,50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയ മേഖലകളിലെ ക്ഷേമങ്ങൾക്കായുള്ള വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്കായി 2,24,00,000/- രൂപയും, നൈപുണ്യ പരിശീലനത്തിന് സാമ്പത്തികസഹായം അനുവദിക്കുന്നതിനായുള്ള സാകല്യം പദ്ധതിയ്ക്കായി 28,00,000/- രൂപയും മേൽ ശീർഷകത്തിൽനിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതിനൽകണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതി ഡയറക്ടർ പരാമർശം 1-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. പരാമർശം 2-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ മേൽ പ്രൊപ്പോസൽ പരിഗണിക്കുകയും ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-60-200-64-പ്ലാൻ ശീർഷകത്തിൽ ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി വകയിരുത്തിയിട്ടുള്ള 5,50,00,000/- രൂപയിൽ നിന്നും 2,52,00,000/- (രണ്ട് കോടി അമ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) താഴെ പറയുന്ന പട്ടിക പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചെലവഴിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | 2025-26 വർഷം ആവശ്യമായ തുക |
|---|---|---|
| 1 | **വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ** | |
| a | ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി | 6,00,000/- രൂപ |
| b | ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി | 10,00,000/- രൂപ |
| c | പ്രൊഫഷണൽ വിദ്യാഭ്യാസം & വിദ്യാഭ്യാസ പദ്ധതി 'സഫലം' | 4,00,000/- രൂപ |
| d | തുടർ വിദ്യാഭ്യാസ പദ്ധതി - 'സമന്വയ' | 10,00,000/- രൂപ |
| e | ട്രാൻസ്ജെന്റർ ദമ്പതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി | 3,00,000/- രൂപ |
| f | കരുതൽ പദ്ധതി | 7,00,000/- രൂപ |
| g | ലിംഗ മാറ്റ ശസ്ത്രക്രിയക്കുള്ള ധനസഹായ പദ്ധതി | 1,40,00,000/- രൂപ |
| h | SRS തുടർ ചികിത്സാ ധനസഹായ പദ്ധതി | 40,00,000/- രൂപ |
| i | യത്നം പദ്ധതി | 4,00,000/- രൂപ |
| | ആകെ | **2,24,00,000/-** |
| 2 | **സാകല്യം പദ്ധതി** | **28,00,000/- രൂപ** |
| **ആകെ** | | **2,52,00,000/- രൂപ** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ),
കേരളം. തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് /കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 20-05-2025 10:49:38

സെക്ഷൻ ഓഫീസർ